(ഡി) ഈ പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കുമെന്ന് അറിയിക്കാമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ & ഡി) ദേശീയ കാർഷിക പദ്ധതി എന്ന പേരിൽ നിലവിൽ പദ്ധതിയൊന്നും ഇല്ല. എന്നാൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

സർക്കാരിന്റെ കടമെടുപ്പും വികസന ക്ഷേമ പ്രവർത്തനങ്ങളും നിയന്ത്രിക്കാൻ നിയമം

29 (*239) ഡോ. തോമസ് ഐസക് :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ കടമെടുപ്പും വികസന ക്ഷേമ പ്രവർത്തനങ്ങളും നിയന്ത്രിക്കാൻ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം ഒരു നിയമം കൊണ്ടുവരാൻ പ്രേരിപ്പിച്ച സംഗതി എന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഏഷ്യൻ വികസന ബാങ്ക് വിഭാവനം ചെയ്യുന്ന ഭരണ പരിഷ്ക്കാരങ്ങളുടെ ഭാഗമായിട്ടാണോ നിയമം കൊണ്ടുവരുന്നത് ;

(ഡി) ഇങ്ങനെയുള്ള ഒരു നിയമം കൊണ്ടുവരുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ ;

(ഇ) ഈ നിയമം കൊണ്ടുവരുന്നതിന് മുമ്പ് രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, സാമ്പത്തിക വിദഗ്ദ്ധർ എന്നിവരുമായി ചർച്ച നടത്താൻ തയ്യാറാവുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ) കടമെടുപ്പ് നിയന്ത്രിക്കാൻ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട് ; എന്നാൽ വികസന പ്രവർത്തനങ്ങളും ക്ഷേമ പ്രവർത്തനങ്ങളും നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നില്ല. കേരളാ ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ബിൽ സഭയുടെ നടപ്പു സമ്മേളനത്തിൽ അവതരിപ്പിക്കാൻ സാധിക്കുമെന്ന് ഉദ്ദേശിക്കുന്നു.

(ബി) സംസ്ഥാനത്തിന്റെ കടബാദ്ധ്യതയും റവന്യൂ കമ്മിയും ക്രമാതീതമായി വർദ്ധിച്ചതാണ് ഇപ്രകാരം ഒരു നിയമം കൊണ്ടുവരാൻ പ്രേരിപ്പിച്ചത്.

---

†അനുബന്ധം - I

LIBRARY ARCHIVES Kerala Legislative Assembly

(സി) അല്ല.

(ഡി) സംസ്ഥാനത്തിന്റെ കടബാദ്ധ്യതയും റവന്യൂ കമ്മിയും കുറയ്ക്കുന്നതിനും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗവുമായിട്ടാണ് ഈ നിയമം കൊണ്ടുവരുന്നത്.

(ഇ) ഈ ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുമുമ്പ് ചർച്ചയൊന്നും നടത്താൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഈ ബിൽ സഭയുടെ നടപ്പു സമ്മേളനത്തിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

വനം വകുപ്പ് വിൽപ്പന നടത്തുന്ന വൃക്ഷത്തൈകൾ

30 (*240) ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ജോർജ് ജെ. മാത്യൂ :
ശ്രീമതി മേഴ്സി രവി :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ഇനങ്ങളിൽപ്പെടുന്ന വൃക്ഷത്തൈകളാണ് വനംവകുപ്പിന്റെ ആഭിമുഖ്യത്തിൽ വില്പന നടത്തിവരുന്നത് ;

(ബി) വനംവകുപ്പു വിൽക്കുന്ന വൃക്ഷത്തൈകൾ ലഭിക്കുന്നത് എവിടെ നിന്നെല്ലാമാണ് ;

(സി) എന്തു വിലയ്ക്കാണ് ഇവ വിൽക്കുന്നത് ;

(ഡി) തേക്ക്, ഈട്ടി, മഹാഗണി, ചന്ദനം എന്നിവയുടെ തൈകൾ ജനങ്ങളുടെ ആവശ്യാനുസരണം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) തേക്ക്, പ്ലാവ്, മാവ്, മഹാഗണി, പുളി, കുടമ്പുളി, നെല്ലി, വേപ്പ്, കണിക്കൊന്ന, ചന്ദനം മുതലായ ഇനം വൃക്ഷത്തൈകളാണ് പ്രധാനമായും വനം വകുപ്പ് ഉല്പാദിപ്പിച്ച് വില്പന നടത്തുന്നത്.

(ബി) വനംവകുപ്പിന്റെ കുളത്തൂപ്പുഴ, ചെട്ടികുളം, നിലമ്പൂർ, ചെറുവാഞ്ചേരി എന്നീ സെൻട്രൽ നഴ്സറികളിലും സാമൂഹ്യവനവൽക്കരണ വിഭാഗം ജില്ലാ തല വന വിജ്ഞാനവ്യാപന കേന്ദ്രങ്ങളിലും മേൽ പറഞ്ഞ പ്രകാരം വൃക്ഷത്തൈകൾ ലഭിക്കുന്നതാണ്.

(സി) കൂടത്തൈകളും റൂട്ട് ട്രെയിനർ തൈകളും 5 രൂപാ നിരക്കിലും, തേക്ക് സ്റ്റമ്പ് രണ്ടു രൂപാ നിരക്കിലുമാണ് വില്പന നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly